(ഡി) നെടുമങ്ങാട് പഞ്ചായത്തതിൽത്തിക്കകത്തു നിലവിലുള്ള വിദ്യുച്ഛക്തിവിതരണം വികസിപ്പിക്കണമെന്നു് നാട്ടുകാരിൽ നിന്നും പഞ്ചായത്തിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെന്റ എന്തു നടപടി സ്വീകരിച്ചു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 1955 ഏപ്രിൽ മുതൽ ഒക്ടോബർ പകുതിവരെ വിദ്യുച്ഛക്തിവിതരണം നടപ്പിലാക്കിയ ഗ്രാമങ്ങളുടെ *ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ബി) ഉണ്ടു്. ഈ വർഷത്തിൽ പ്രസ്തുത ജോലിക്കു് എസ്റ്റിമേറ്റ അനുവദിച്ചിട്ടുണ്ടു്.

(സി) സ്വീകരിക്കുന്നതാകുന്നു.

(ഡി) ഇല്ല. പ്രത്യേക അപേക്ഷയിന്മേൽ മാത്രമേ ഈ പദ്ധതി അന്വേഷണത്തിലെടുക്കാൻ സാധിക്കയുള്ളൂ.

Ownership in Road Transport.

* 1090. [57] SHRI V. V. SEBASTIAN: Will the Minister for Works be pleased to state:

(a) whether Government would make a clarification of the spheres of public and private ownership in road transport; and

(b) if so, how do Government propose to divide the two spheres?

Minister for Works (SHRI K. I. VELAYUDHAN):

(a) & (b) A clarification of the spheres of public and private ownership in road transport can be given only after finalising the Second Five Year Plan, and the enactment of the Nationalisation Bill.

ഡാക്ടറന്മാരുടെ ശമ്പളക്കാര്യം

* 1091. [58] ശ്രീ. കെ. എം. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷന്റെ തിരുവിതാംകൂർ–കൊച്ചു് ശാഖയിൽനിന്നും ഡാക്ടറന്മാരുടെ ശമ്പളക്കാര്യം സംബന്ധിച്ചു് ഗവണ്മെന്റിലേയ്ക്കു് പേകമ്മീഷന്റെ നിയമനത്തിനുശേഷം വല്ല മെമ്മോറാണ്ടവും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ടു്;

(സി) ഡാക്ടറന്മാരുടെ ജോലിസമയം കണക്കപ്പെടുത്തുവാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ?

* Please see Appendix XXVII.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഡാക്ടർമാരുടെ ജോലിസമയം ക്രമപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരവർക്ക് നിശ്ചയിച്ചിട്ടുള്ള ജോലികൾ തീർന്നതിനുശേഷം മാത്രമേ അവർ ആശുപത്രി വിടാൻ പാടുള്ളൂ.

റോഡുകൾ

* 1092. [59] ശ്രീ. കെ. എം. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് റോഡുകൾ എങ്ങിനെയെല്ലാമായിട്ടാണ് തരംതിരിച്ചിരിക്കുന്നത്;

(ബി) ഓരോ ഡിസ്ട്രിക്ടിലുമുള്ള ഡിസ്ട്രിക്ട് റോഡുകളുടെ നീളമെന്ത്;

(സി) ഓരോ ഡിസ്ട്രിക്ടിലും അതിനുള്ള മെയിൻറനൻസ് ചെലവെന്ത്;

(ഡി) ഓരോ ഡിസ്ട്രിക്ടിലും ഒരു മൈലിനുള്ള ഏറ്റവും കുറഞ്ഞതും കൂടിയതുമായ മെയിൻറനൻസ് ചെലവ് എന്ത്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) 1. നാഷണൽ ഹൈവേ

2. പ്രൊവിൻഷ്യൽ ഹൈവേ

3. ഡിസ്ട്രിക്ട് റോഡ്

4. വില്ലേജ് റോഡ്.

(ബി & സി) ഓരോ ഡിസ്ട്രിക്റ്റിലേയും ഉള്ള റോഡിൻറെ കണക്ക് സൂക്ഷിക്കുന്ന പതിവില്ല. ഓരോ പി. ഡബ്ലിയു. ഡിവിഷനേയും സംബന്ധിച്ച കണക്കുകളേ സൂക്ഷിക്കാറുള്ളൂ. അത് താഴെ പറയുംപ്രകാരമാണ്.

	ഡിവിഷൻ	നീളം			മെയിൻറനൻസ് ചെലവ്		
		മൈ.	ഫ.	അടി	രൂ.	ണ.	സ.
1	നാഗർകോവിൽ	277	4	298	2,31,967	0	0
2	തിരുവനന്തപുരം	262	7	311	1,84,653	0	0
3	കൊല്ലം	421	1	130	2,65,394	0	0
4	കോട്ടയം	520	1	566	3,27,216	0	0
5	മൂവാറ്റുപുഴ	429	5	0	1,90,027	0	0
6	എറണാകുളം	244	3	657	1,59,113	0	0
7	തൃശ്ശൂർ	310	6	680	3,63,290	0	0

(ഡി) ഓരോ ഡിവിഷനിലും ഒരു മൈലിനുള്ള മെയിൻറനൻസ് ചെലവ് താഴെ പറയുംപ്രകാരമാണ്:—

LIBRARY ARCHIVES Kerala Legislative Assembly